

THURSDAY 08.02.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA



Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003

Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/02/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്യാനവിളക്ക് സഹായം നൽകുന്നു. നഴ്സറികൾ, വിള വിസ്തൃതി വ്യാപനം/ പുതിയ കൃഷിത്തോട്ടം, ഉത്പാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ്ഗങ്ങൾ, സങ്കരയിനം പച്ചക്കറി കൃഷി, പുഷ്പങ്ങൾ, സുഗന്ധവിളകൾ, സുഗന്ധ തൈലവിളകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വിശദവിവരങ്ങൾക്ക് കൃഷിഭവനുമായോ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 0471 2330857 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ കീഴിലുള്ള വെള്ളാനിക്കര വാട്ടർമാനേജ്മെന്റ് റിസർച്ച് യൂണിറ്റിൽ നിന്നും WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0480-2702116 എന്ന നമ്പറിൽ വിളിക്കുക.

**പരിശീലന പരിപാടി**

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ പരിശീലന പരിപാടിയുടെ ഭാഗമായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ പരിശീലനം തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളായണിയിലുള്ള റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയ്നിംഗ് സെന്റർ (ആർ.ടി.ടി.സി) വഴി 2024 ഫെബ്രുവരി 19 മുതൽ ആരംഭിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിൽ സ്ത്രീ പുരുഷ ഭേദമെന്യേ പങ്കെടുക്കാൻ താത്പര്യമുള്ളവരുടെ പൂർണ്ണമായ മേൽവിലാസം, Contact Number സഹിതം rttctvpm@gmail.com എന്ന e-mail-ൽ വിലാസത്തിൽ അയച്ചു നൽകുകയോ, ഈ കാര്യാലയവുമായി നേരിട്ട് ബന്ധപ്പെടുകയോ, 0471-2481763 എന്ന ഓഫീസ് നമ്പരിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ വിളിക്കുകയോ ചെയ്യേണ്ടതാണ്.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം 12 മുതൽ 22 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലുള്ളവർക്ക് **പാലുത്പന്ന നിർമ്മാണത്തിൽ** പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ സംരംഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 105 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ **08.02.2024-ന്** വൈകുന്നേരം 5മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഫെബ്രുവരി 8, 9 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153 / 9633668644 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാസത്തിൽ ഇടുക്കി അണക്കരയിൽ വച്ച് നടത്തപ്പെടുന്ന 2023-24 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം "പടവ് 2024' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്ക്കാരങ്ങൾ നല്കുന്നു. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ www.dairydevelopment.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 12.02.2024 വൈകിട്ട് 5 മണി. അപേക്ഷകൾ അയക്കേണ്ട വിലാസം ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡയറി ലാബ്), ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം -695004. കൂടുതൽ വിവരങ്ങൾക്ക് 9495818683/999524086190 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.